**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1085** **30-06-2022 - ൽ മറുപടിയ്ക്ക്**

**അക്വാകൾച്ചർ പ്രമോട്ടർമാരുടെയും യൂത്ത് കോഓഡിനേറ്റർമാരുടെയും ഓണറേറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ പ്രൊമോട്ടർമാരുടെയും തദ്ദേശ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് കോ ഓഡിനേറ്റർമാരുടെയും ഓണറേറിയം കുടിശ്ശികയുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന മത്സ്യകൃഷി പ്രവർത്തനങ്ങൾക്കായി താത്കാലികമായി നിയോഗിച്ചിട്ടുള്ള അക്വാകൾച്ചർ പ്രൊമോട്ടർമാരുടെ ഓണറേറിയം നിലവിൽ കുടിശ്ശിക ഇല്ല.<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് 2022 ഫെബ്രുവരി മാസം വരെയുള്ള ഓണറേറിയം നൽകി കഴിഞ്ഞു. 2022 മാർച്ച് മുതൽ ജൂൺ മാസം വരെയുള്ള ഓണറേറിയം നൽകാനുണ്ട്. |
| (ബി) | ഇരു വിഭാഗങ്ങളുടെയും ഓണറേറിയം വർധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ? | (ബി) | ഫിഷറീസ് വകുപ്പിലെ അക്വാകൾച്ചർ പ്രൊമോട്ടർമാരുടെ വേതനം നിലവിൽ ധനകാര്യ വകുപ്പിന്റെ സ.ഉ.(പി) നം.29/2021/ധന, തീയതി 11/02/2021 പ്രകാരമാണ് നൽകുന്നത്. ദിവസവേതനക്കാർക്ക് വേതനം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് അക്വാകൾച്ചർ പ്രൊമോട്ടർമാർക്കും വേതനം വർദ്ധിപ്പിക്കുന്നതാണ്.<br><br>തദ്ദേശ സ്ഥാപനങ്ങളിൽ നിലവിലുള്ള യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ഘടനയിലും ഓണറേറിയത്തിലും മാറ്റങ്ങൾ വരുത്തുന്ന വിഷയം പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ